(ബി) ഓരോ ഗണത്തിലും എത്ര കാർഡുടമകൾ വീതമുണ്ട്;

(സി) സംസ്ഥാനത്തുള്ള വനവാസികളെ മുഴുവൻ അന്നപൂർണ്ണ കാർഡുടമകളായി കണക്കാക്കി അവർക്ക് സൗജന്യ റേഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് 4 (നാല്) ഗണത്തിൽപ്പെടുന്ന റേഷൻ കാർഡ് ഉടമകളുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1.	എ.എ.വൈ.	-	595800
2.	ബി.പി.എൽ.	-	1445684
3.	എ.പി.എൽ.	-	4669818
4.	അന്നപൂർണ്ണ കാർഡുകൾ	-	46262

(സി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പ്രകാരം, 65 വയസിനുമേൽ പ്രായമുള്ളവരും കേന്ദ്ര അഗതി പെൻഷന് അർഹതയുണ്ടെങ്കിലും പെൻഷൻ ലഭിക്കാത്തവരുമായ അഗതികളെയാണ് അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളത്. ആയതിനാൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിലവിലുള്ള മാനദണ്ഡങ്ങളിൽ അയവുവരുത്തിയാൽ മാത്രമെ മുഴുവൻ വനവാസികൾക്കും അന്നപൂർണ്ണ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

റേഷൻ കാർഡ് ഉടമസ്ഥരുടെ നിലവിലുള്ള എണ്ണം

128 [441] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര റേഷൻ കാർഡ് ഉടമകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം എത്ര എന്ന് അറിയിക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ (ബി.പി.എൽ.) ലിസ്റ്റിൽ നിന്നും അനർഹമായി റേഷൻ വാങ്ങുന്നവരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ; ഇതിനായി എടുത്ത മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി റേഷൻ കടകൾ വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർവ്വെ നടത്തിയിട്ടുണ്ടോ എന്ന് പറയുമോ;

(ഇ) നിലവിലുള്ള ലിസ്റ്റിൽ നിന്ന് എത്രപേരെ വെട്ടിക്കുറച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8711282.

(ബി) 31-12-05-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 14174 റേഷൻ കടകളുണ്ട്.

(സി) ഇല്ല. അനർഹരെ കണ്ടുപിടിച്ച് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്വീകരിച്ച് പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഡി) ഇല്ല. സിവിൽ സപ്ലൈസ് വകുപ്പ് ബി.പി.എൽ. കാർഡുടമകൾക്ക് ഒരു സത്യപ്രസ്താവന ഫോറം റേഷൻകടകൾ മുഖാന്തിരം നൽകി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ഇ) നടപടികൾ പൂർത്തിയായിട്ടില്ല. പരിശോധന നടന്നുവരുന്നു.

ബി.പി.എൽ. വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുന്നത് സംബന്ധിച്ച്

129 [442] ശ്രീ. എ. എ. അസീസ്:

കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.പി.എൽ. വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ എത്ര ബി.പി.എൽ. കാർഡുടമകളാണ് സംസ്ഥാനത്തുള്ളത്;

(സി) ഗവൺമെന്റിന്റെ പ്രഖ്യാപന പ്രകാരം മൂന്ന് രൂപ നിരക്കിൽ എത്ര പേർക്കാണ് അരി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പാണ് ബി.പി.എൽ. വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുന്നത്.

(ബി) നിലവിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 2041464 കുടുംബങ്ങളാണുള്ളത്. ഇതിൽ 1445664 ബി.പി.എൽ. കാർഡുടമകളും 595800 അന്ത്യോദയ അന്നയോജന കാർഡുടമകളും ഉൾപ്പെടുന്നു.

(സി) 1445664 കുടുംബങ്ങൾക്ക്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(iii) The students will be asked to take a pledge to eliminate ragging from the campus.

(iv) Leaflets will be distributed to make the students aware of the problem.

3. The Vice-Chancellors of the Universities in the State may take active art in the anti-ragging programmes and each Vice-Chancellor may visit at least one college for a programme related to anti-ragging on 5th December 2005.

By order of the Governor,
B. SREEDEVI,
Deputy Secretary to Government.

അനുബന്ധം III

[8-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 22 [63]-ാം നമ്പർ ചോദ്യത്തിന്റെയും 128 [441], 130 [441] എന്നീ നമ്പർ ചോദ്യങ്ങളുടെയും ഉത്തരം കാണുക]

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് -- റേഷൻ സമ്പ്രദായം -- ബി. പി. എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ -- ബി. പി. എൽ. മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ (ബി) വകുപ്പ്

സ. ഉ. (സാധാ)നം: 4/06/ഭസിസഉകവ തിരുവനന്തപുരം 2006 ജനുവരി 5

വായിച്ചു: 5-1-2006-ലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ സി. എസ്. എ.3—26741/05 നമ്പർ കത്ത്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ്

ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നപ്പോൾ റേഷൻ കാർഡുടമകളെ എ. പി. എൽ. (ദാരിദ്രരേഖയ്ക്കു മുകളിലുള്ളവർ) എന്നും ബി.പി.എൽ. (ദാരിദ്രരേഖയ്ക്കു താഴെയുള്ളവർ) എന്നും രണ്ടായി തരംതിരിച്ചിരുന്നു. ഇതനുസരിച്ച്, ഗ്രാമവികസനവകുപ്പ് തയ്യാറക്കിയിരുന്ന ബി. പി. എൽ. പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കാണ് ബി. പി. എൽ. റേഷൻ കാർഡ് നൽകിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം നടത്തിയ റേഷൻ കാർഡ് വിതരണത്തിൽ അപാകതയുണ്ടായിട്ടുണ്ടെന്നും ബി. പി. എൽ. കാർഡിനുപകരം പല പാവപ്പെട്ട കുടുംബങ്ങൾക്കും എ. പി. എൽ. കാർഡാണ് കിട്ടിയതെന്നുമുള്ള വളരെയധികം പരാതികൾ ഉണ്ടായി. ഈ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പല ചർച്ചകൾ നടത്തുകയും ആദ്യപടിയായി അനർഹരായ ബി. പി. എൽ.കാരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ബി. പി. എൽ. വിഭാഗത്തിൽ നിന്നും അനർഹരായവരെ ഒഴിവാക്കുന്നതിനു സിവിൽ സപ്ലൈസ് ഡയറക്ടർ ചില മാർഗ്ഗനിർദ്ദേങ്ങൾ മുകളിൽ വായിച്ച കത്തുപ്രകാരം സർപ്പിച്ചത് സർക്കാർ പരിശോധിച്ചശേഷം താഴെ പറയുന്ന രീതി അവലംബിച്ച് അനർഹരായവരെ ബി. പി. എൽ. വിഭാഗത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുത്തര വാകുന്നു.

1. പ്രതിവർഷ കുടുംബവരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയ്ക്കും നഗര പ്രദേശങ്ങളിൽ 22,000 രൂപയ്ക്കും മുകളിലുള്ളവർ.

2. കൈവശ ഭൂമിയിൽ നിന്നും പ്രതിവർഷം 20,000 രൂപയിൽ കൂടുതൽ ആറ്റാദായമുള്ളവർ.

3. വളർത്തു മൃഗങ്ങളിൽ നിന്നോ കാർഷിക തൊഴിലുകളിൽ നിന്നോ കാർഷികേതര തൊഴിലുളികളിൽ നിന്നോ മറ്റിനങ്ങളിൽ നിന്നോ പ്രതിവർഷം 20,000 രൂപയിൽ കൂടുതൽ വരുമാനമുള്ളവർ.

4. മെച്ചപ്പെട്ട വീടുള്ളവർ(തറവിസ്തീർണ്ണം 600 ചതുരശ്ര അടിയിൽ കൂടുതലുള്ളതും, ഓടിട്ടതോ, കോൺക്രീറ്റ് ചെയ്തതോ ആയ മേൽക്കൂരയോടു കൂടിയതും, ഇഷ്ടികയോ, വെട്ടുകല്ലോ, കരിങ്കല്ലോ കൊണ്ട് നിർമ്മിച്ച ഭിത്തികളോട് കൂടിയതും, മൊസൈക്കോ, ടൈൽസോ, മാർബിളോ, ഗ്രാനൈറ്റോ ഉപയോഗിച്ച് നിർമ്മിച്ച തറയോടു കൂടിയതുമായ വീടുകളെ മെച്ചപ്പെട്ട വീടുകളായി കണക്കാക്കാം. എന്നാൽ ഇക്കൂട്ടത്തിൽ ഐ. എ. വൈ, ആർ. എൽ. ഇ. ജി, പി., ത്രിതല പഞ്ചായത്തുകളുടെ ഭവന നിർമ്മാണ പദ്ധതികൾ, പട്ടികജാതി, പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരിവർത്തിത ക്രൈസ്തവർ എന്നിവർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ മറ്റു രക്ഷാ പദ്ധതികൾ അനുസരിച്ച് നിർമ്മിച്ച വീടുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതില്ല).

LIBRARY ARCHIVES Kerala Legislative Assembly

5. പതിവായി റേഷൻ വാങ്ങാത്തവർ (നെൽകൃഷി ഉള്ളവരും, ഫുഡ് സപ്പോർട്ട് പ്രോഗ്രം, എസ്. സി. ജി. ആർ. വൈ. മുതലായ പദ്ധതികളുപയോഗിച്ച് കൂലി ഭക്ഷ്യധാന്യമായി കൈപ്പറ്റുന്നവരും അരി ഉൾപ്പെടെയുള്ള വിട്ടുസാധനങ്ങൾ പറ്റുപടിയായി വാങ്ങുന്നവരും റേഷൻ വാങ്ങാൻ പോലും പണമില്ലാത്തവരും ഒഴികെ).

6. വാഷിങ് മെഷീൻ, പ്രഷർ, കുക്കർ, മിക്സർ ഗ്രൈന്റർ, ഫ്രിഡ്ജ് എന്നിങ്ങനെയുള്ള ഗൃഹോപകരണങ്ങളോ പാചകാവശ്യ ഗ്യാസ് കണക്ഷൻ, ടെലിഫോൺ/സെൽഫോൺ എന്നീ സൗകര്യങ്ങളോ ഉള്ളവർ.

7. സ്കൂട്ടറോ, മോട്ടോർ സൈക്കിളോ ഉള്ളവർ. (ഇവ സ്വയം തൊഴിൽ ചെയ്യുന്നതിന് ഏതെങ്കിലും വായ്പാ പദ്ധതി ഉപയോഗിച്ച് വാങ്ങിയതല്ലെങ്കിൽ)

8. സ്വയം എ. പി. എൽ. വിഭാഗത്തിലേക്ക് മാറാൻ ആഗ്രഹിക്കുന്നവർ - ഇത് സംബന്ധിച്ച വിശദവിവരം ഉണ്ടായിരിക്കണം.

9. മേൽ പറഞ്ഞ വിഭാഗങ്ങളിൽപ്പെടാത്തവരും എന്നാൽ ബി. പി. എൽ. നിരക്കിലുള്ള റേഷന് ഒട്ടുംതന്നെ അർഹരല്ലെന്ന് താലൂക്ക് സപ്ലൈ ആഫീസർക്ക് ഉത്തമബോദ്ധ്യം ഉള്ളവരും, (ഇത് വ്യക്തമാക്കാൻ കഴിയണം.)

മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെടുന്നവരാണെങ്കിലും താഴെപ്പറയുന്ന പ്രകാരമുള്ള കുടുംബങ്ങളെ ബി. പി. എൽ. റേഷൻ വിതരണത്തിൽതന്നെ നിലനിർത്തണം.

1. ദീർഘകാലമായ അസുഖംമൂലം ക്ലേശ ജീവിതം നയിക്കുന്നവരുള്ള കുടുംബങ്ങൾ

2. മദ്യപാനമോ കടബാദ്ധ്യതയോമൂലം തകർച്ചയിലായ കുടുംബങ്ങൾ.

3 സാരമായ മാനസിക-ശാരീരിക വൈകല്യം സംഭവിച്ചവരുള്ള കുടുംബങ്ങൾ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഷീല തോമസ്,
സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly